**<u>കന്യശിലാശില്പം</u>**

(ജി പാറപ്പുറത്ത്)

ഒരു കിളുന്തു പെൺശരീരം
ഒരുപാടു കുത്തുകൾ കൊണ്ടു
ചോരവഴിഞ്ഞു വഴിയരികിൽ
വരിയുറുമ്പുകൾക്കാഹാരമായി.

ഇനിയുമിത്തരം നരകമൊരിക്കലും
മനുഷകുലത്തിൽ പിണയരുതെന്നു
നിനച്ചനവധി പ്രവർത്തകരൊരുമിച്ചൂ
അനന്തമാം ചർച്ചകൾ സംഘടിപ്പിച്ചൂ.

കലഹിക്കുമാത്മാക്കളാം
കലാകാരരുമെഴുത്തുകാരും
പലസംഘടനക്കാരും,
ചലച്ചിത്ര സായാഹ്നങ്ങൾ
പലമ്യൂറൽച്ചിത്രങ്ങൾ
ജലോത്സവമത്സരങ്ങൾ
കലോത്സവരാവുകൾ
പലവിധം നടത്തി,
നല്ലോണം സ്വരൂപി ച്ചൂ പണം,
നല്ലൊരു സ്മാരകമുയർത്തുവാൻ.

ശില്പചാരുശിലയിൽ
മലർച്ചൊടി വിടർന്നു
നൽമുലകൾ ത്രസിച്ചു
നിലാവുപോലെ നിറഞ്ഞ
നാഭിച്ചുഴിയിലഴുകുവഴിഞ്ഞു
ഗംഭീരനിതംബഭാരവും
രംഭയ്ക്കൊത്ത കാൽകളും

ശുഭകരം ശില്പം പ്രതിഷ്ഠിച്ചു;

ഇനിയൊരു പെണ്ണും നമ്മുടെ നാട്ടിൽ
മുനകൂർത്ത കാമഭ്രാന്തരുടെ
മാനഭംഗ ക്കത്തിക്കിരയാകരുത്,
കന്യകൾ മോഹനാംഗികൾ
മാനമായ് വാഴണ മീ നാട്ടിൽ;

നഗരവീഥിയ്ക്കരികിൽ
ഗഗനമുരുമ്മും കോണിൽ
നാഗഫണക്കടൽത്തിരകളുതിർക്കും
നിഗൂഢധ്വനികൾസാക്ഷിയായ്
കരിംശിലാശില്പമായ്
കരകാണാക്കടലായ്
കരി ങ്കൂവള മിഴികൂമ്പി
കരം കൂപ്പി ചിരിതൂകി
കർപ്പൂരദീപമായ് കന്യാശില്പം.

കലഹിക്കുമാത്മാക്കളാം
കലാകാരരുമെഴുത്തുകാരും
പലസംഘടനക്കാരും
പലവഴിപിരിഞ്ഞു.

ശില്പപീഠത്തകിടിയിൽ
പുൽനീർക്കണങ്ങൽ വിങ്ങി;
അല്പവും വരിതെറ്റാതെ
ശില്പപാദത്തിലെറുമ്പുകൾ
ഘ്രാണിച്ചു വീണ്ടും
പ്രാണൻപിടഞ്ഞമരുമൊരു
മണിപ്പെൺ കുരുന്നിന്റെ നിണം
കാണാം അടുത്ത കടൽതീരത്തു;

ചെമ്മേ ഉറുമ്പുകളങ്ങോട്ടു
തമ്മിലുമ്മവച്ചു നീങ്ങി;
പൂമേനിയാളാമൊരു പുതുപ്പെണ്ണിന്റെ
ഓമനമാം ജനനേന്ദ്രിയം തകർത്ത്
കാമ കശ്മലക്കൂട്ടം വീണ്ടും
പോയ് മറഞ്ഞതേയുള്ളിപ്പോൾ.

ചാരുകന്യാ ശിലാശില്പം
ഒരുനേരമ്പോക്കായ്
നിരാലംബ ബലിമൃഗമായ്
നേരിന്നു നേരെ മരവിച്ചുറഞ്ഞു.